**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1230** **07-10-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി കോർട്ട് കോംപ്ലക്സ് കെട്ടിടം തുറന്ന് കൊടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി കോർട്ട് കോംപ്ലക്സിനു വേണ്ടിയുള്ള പുതിയ കെട്ടിടം ആവശ്യമായ പണികൾകൂടി പൂർത്തിയാക്കി അടിയന്തരമായി തുറന്ന് കൊടുക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | മഞ്ചേരി കോർട്ട് കോംപ്ലക്സിന്റെ ഫിനിഷിംഗ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. പരിശോധിച്ച് വരുന്നു. |
| (ബി) | മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ സന്തോഷ് ട്രോഫി മത്സരങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി സ്റ്റേഡിയത്തിലേക്കുള്ള റോഡുകൾ നന്നാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സന്തോഷ് ട്രോഫി മത്സരങ്ങൾ അനുവദിക്കുന്നതിനു മുന്നോടിയായി മഞ്ചേരിയിൽ നിന്ന്, സ്റ്റേഡിയത്തിലേക്കുള്ള വിവിധ റോഡുകളിൽ എത്തിപ്പെടുന്നതിനുള്ള പ്രധാന റോഡുകളായ മഞ്ചേരി ബൈപ്പാസ് റീച്ച്-3, കെ.എൻ.ജി റോഡ് (തുറക്കൽ ജംഗ്ഷൻ മുതൽ സെൻട്രൽ ജംഗ്ഷൻ - ജസീല ജംഗ്ഷൻ വരെ) സെൻട്രൽ ജംഗ്ഷൻ മുതൽ കച്ചേരിപ്പടി ജംഗ്ഷൻ വരെയുള്ള റോഡ് എന്നിവ നവീകരിക്കുന്നതിനായി 5,94,58,000/- രൂപയുടെ എസ്റ്റിമേറ്റും (Phase-1), സ്റ്റേഡിയത്തിലേക്കുള്ള റോഡുകളായ കാട്ടുങ്ങച്ചോല - പിലാക്കൽ - പുഴങ്കാവ് റോഡ്, ചീനിക്കമണ്ണ - പയ്യനാട് സ്റ്റേഡിയം റോഡ്, പിലാക്കൽ - പയ്യനാട് സ്റ്റേഡിയം റോഡ്, കൊട്ടാരം - പിലാക്കൽ റോഡ് എന്നിവ ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്നതിനായി 7,14,88,000/- രൂപയുടെ എസ്റ്റിമേറ്റും (Phase- 2), ബഹു: കായിക വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം മഞ്ചേരി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള കവളങ്കോട് - മുക്കം - സ്റ്റേഡിയം കോംപ്ലക്സ് റോഡ് പി.ഡബ്ല്യു.ഡി റോഡുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 5,87,06,000/- രൂപയുടെ എസ്റ്റിമേറ്റും (Phase-3) തയ്യാറാക്കി വരുന്നു. |
| (സി) | മഞ്ചേരി ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവർ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (സി) | ഏറനാട് താലൂക്ക് - മഞ്ചേരി ജസീല ജംഗ്ഷനിൽ മേൽപാലം നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവ് G.O(Rt)No.275/12/PWD ആയി 23/12/2012ൽ 1650 ലക്ഷംരൂപക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 2.51 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ |

| | | | |
|---|---|---|---|
| | | | പ്രവൃത്തി നടത്തുകയും ഫ്ളൈഓവർ പ്രവൃത്തിക്കാവശ്യമായ അലൈൻമെന്റിന് അംഗീകാരം നൽകിയിരുന്നു. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കൽ ആവശ്യമായി വരുന്നുണ്ട്. ആയതിന്റെ നടപടികൾ റവന്യൂ വകുപ്പിന്റെ സഹായത്തോടെ പുരോഗമിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തി ഇനിയും തുടങ്ങാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ? | (ഡി) | ഏറനാട് താലൂക്ക് - മഞ്ചേരി ജസീല ജംഗ്ഷനിൽ മേൽപാലം നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവ് G.O(Rt)No.275/12/PWD ആയി 23/12/2012ൽ 1650 ലക്ഷംരൂപക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 2.51 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുകയും ഫ്ളൈഓവർ പ്രവൃത്തിക്കാവശ്യമായ അലൈൻമെന്റിന് അംഗീകാരം നൽകിയിരുന്നു. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കൽ ആവശ്യമായി വരുന്നുണ്ട്. ആയതിന്റെ നടപടികൾ റവന്യൂ വകുപ്പിന്റെ സഹായത്തോടെ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ